LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) : സർ, ...

ശ്രീ. കെ. രാജൻ: സർ, ശ്രീ. കെ. ബാബുവിന് ഞാൻ വഴങ്ങുന്നില്ല. അങ്ങ് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കുന്നുണ്ടല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിവിടെ ഉന്നയിച്ചത് ക്രമപ്രശ്നമാണ്. രണ്ടിനും മറുപടി പറയുന്നതിൽ പ്രശ്നമില്ല. ഞാൻ ഇതിനെ മറ്റൊരർത്ഥത്തിൽ ന്യായീകരിക്കുകയല്ല. സർക്കാർ ന്യായമാണെന്ന് തോന്നിയതുകൊണ്ട് ഇറക്കിയൊരു ഉത്തരവാണ്. ഞാൻ ആ ഉത്തരവിന്റെ ഭാഗം വായിക്കാം;'മേൽ സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 1964-ലെ ചട്ടങ്ങൾപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ചതും കിളിർത്തുവന്നതും പതിച്ചുനൽകുന്ന സമയത്ത് വൃക്ഷവിലയടച്ച് റിസർവ് ചെയ്തതുമായ ചന്ദനമൊഴികെയുള്ള എല്ലാ മരങ്ങളും...' എന്നാണ്. 2005-ലെ ആക്ടിന്റെ പ്രൊവൈസോയിൽ പറയുന്ന മൂന്ന് കാര്യങ്ങളിലും ഇവിടെ പറയപ്പെടുന്ന സ്ഥലമോ വൃക്ഷങ്ങളോ ഉൾപ്പെടുന്നില്ല. 1964-ലെ ചട്ടമനുസരിച്ച് റിസർവ് ചെയ്ത മരങ്ങളും 1964-ലെ ചട്ടത്തിന്റെ പട്ടഫോറമനുസരിച്ച് ഷെഡ്യൂൾ ചെയ്ത മരങ്ങളും ഒരിക്കലും മുറിക്കാൻ പാടില്ല. അങ്ങനെ മുറിച്ചവരുണ്ടെങ്കിൽ നടപടിക്ക് വിധേയമാകും. ഇത് റദ്ദുചെയ്തത് എന്താണെന്ന ചോദ്യം ക്രമപ്രശ്നത്തിന്റെ ഭാഗമല്ലെങ്കിലും അങ്ങയുടെ അറിവിലേയ്ക്കായി പറയുകയാണ്. ഇത് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ആളുകൾ മരം മുറിക്കുന്ന പ്രവണതവന്ന സാഹചര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയുള്ള ആവശ്യകത സൂചിപ്പിച്ചുകൊണ്ടാണ് ഇത് പിൻവലിച്ചത്.

റൂളിംഗ്

മി. സ്പീക്കർ: 2020 ഒക്ടോബർ 24-ാം തീയതി റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ഒരു ചട്ടഭേദഗതിയിലൂടെ വരുത്തേണ്ട മാറ്റം നടപടിക്രമങ്ങൾ പാലിക്കാതെയും 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായും പുറപ്പെടുവിച്ച എന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. എന്നാൽ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെയും 2005-ലെ കേരള പ്രൊമോഷൻ ഓഫ് ടീ ഗ്രോത്ത് ഇൻ

നോൺ-ഫോറസ്റ്റ് ആക്ടിലെയും 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്സ്) ആക്ടിലെയും വ്യവസ്ഥകൾക്ക് സ്പഷ്ടീകരണം നൽകുന്ന സർക്കാർ ഉത്തരവുമാത്രമാണ് പുറപ്പെടുവിച്ചതെന്നും ബഹുമാനപ്പെട്ട റവന്യു-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ചട്ടഭേദഗതിയുടെ സ്വഭാവം ഇവിടെ ഉന്നയിക്കപ്പെട്ട സർക്കാർ ഉത്തരവിനുള്ളതായി കാണുന്നില്ല. അതുകൊണ്ട് 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായി ഒന്നുമുണ്ടായിട്ടില്ലെന്നാണ് കാണുന്നത്. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

VI ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവനനികുതിയും കാർഷികാദായനികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്താവ ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യു-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്താവ ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly